പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2756 28-10-2026-ൽ മറുപടിയ്ക്ക്

നെന്മാറ നിയോജകമണ്ഡലത്തിലെ കുടിവെള്ള വിതരണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. പ്രേമൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ;

മറുപടി: നെന്മാറ നിയോജകമണ്ഡലത്തിൽ എലവഞ്ചേരി, കൊടുവായൂർ, നെന്മാറ, പല്ലശ്ശന, അയിലൂർ, പുതുനഗരം, വടവന്നൂർ, കൊല്ലങ്കോട്, മുതലമട, നെല്ലിയാമ്പതി എന്നീ ഗ്രാമപഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. ചിറ്റൂർ പ്രൊജക്ട് ഡിവിഷനിൽ നിന്നും നെന്മാറ പോത്തുണ്ടിയിൽ നിന്നും 26 MLD യുടെ പുതിയ പ്ലാന്റ് (ജലശുദ്ധീകരണശാല) പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. എലവഞ്ചേരി, പല്ലശ്ശന എന്നീ പഞ്ചായത്തിലേക്ക് ജലവിതരണം നടത്തുവാൻ വേണ്ടിയിട്ടുള്ളതാണ്. നിലവിലുള്ള വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറിൽ നിന്നും പൂർണ്ണമായും നെന്മാറ, അയിലൂർ, മേലാർകോട് ഗ്രാമപഞ്ചായത്തുകളിലേക്ക് ഉയർന്ന തോതിൽ കുടിവെള്ളം നൽകുവാൻ സാധിക്കുന്നതാണ്.

കൊടുവായൂർ, പുതുനഗരം എന്നീ ഗ്രാമപഞ്ചായത്തുകൾക്കായി ചിറ്റൂർപ്പുഴ പാലത്ത് ആരംഭിച്ച 4.5 MLD ജലശുദ്ധീകരണശാലയുടെ പ്രവർത്തി നിലവിൽ പുരോഗമിച്ചു വരുന്നുണ്ട്.

മുതലമട പഞ്ചായത്തിൽ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 7.5 MLD പ്ലാന്റ്, OHSR, FHTC, Distribution Line എന്നീ പ്രവർത്തികൾ നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള ജലശുദ്ധീകരണശാലകളുടെ ശേഷി വർദ്ധിപ്പിക്കേണ്ടതും കാലഹരണപ്പെട്ട പൈപ്പ്ലൈൻ വിതരണശൃംഖലകൾ മാറ്റിസ്ഥാപിക്കേണ്ടതും അനിവാര്യമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(സി) പ്രസ്തുത പ്രദേശങ്ങളിൽ പുതിയ കുടിവെള്ള സംഭരണികൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ഡി) മണ്ഡലത്തിലെ കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മറുപടി: കുടിവെള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി പ്രവൃത്തികൾ ക്രമീകരിക്കുന്ന മുറയ്ക്ക്, ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ (HoA) നിന്ന് നിലവിലുള്ള വ്യവസ്ഥയനുസരിച്ച് തുക വിനിയോഗിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ